KERALA CATHOLIC BISHOPS' COUNCIL'S

# COMMISSION FOR SOCIAL HARMONY AND VIGILANCE



# JAGRATHA NEWS

222th Issue, Volume No.6 4th April 2012

## ജാഗ്രത

### പ്രധാന വാർത്തകൾ

അഴിമതി നിർമ്മാർജ്ജിത സമൂഹം.

റവ.ഡോ.സ്റ്റീഫൻ ആലത്തറ

കുട്ടികളുള്ള ദമ്പതികൾ എണ്ണത്തിൽ കുറയുന്ന കേരളം

ഇന്റർനെറ്റ് അടിമത്തം തലച്ചോറിൽ മാറ്റങ്ങളുണ്ടാക്കാം.

വിദ്യാഭ്യാസ വായ്പയിലൂടെ അരങ്ങേറുന്നത് വിദ്യാഭ്യാസക്കച്ചവടം.

റാഗിംങ്: തടവുശിക്ഷ മൂന്നു വർഷമാക്കും.

ഈ ലോകത്തിലെ സമ്പന്നർ അകപ്പെട്ടിരിക്കുന്ന ചതി.

ഇങ്ങനെ മദ്യം ഒഴുക്കിയാൽ.

വാഹന വേട്ട തുടരുന്നു.

ഇവരെയും മനുഷ്യരായി കാണണം.

മതവിരുദ്ധതയില്ലെന്നു ബോധ്യപ്പെടുത്തണം.

മൂന്നാമതും അധിവർഷ കുഞ്ഞ്.

കാളകുത്തിയാൽ പിന്നെ!

അടിമത്തത്തിന്റെ നുകം പേറുന്ന മലയാളം.

മാധ്യമങ്ങൾ സാധ്യമാക്കുന്ന സ്നേഹസംസ്കാര നിർമ്മിതി.

റവ.ഫാ.കുര്യാക്കോസ് മുണ്ടാടൻ

മതവിരുദ്ധതയെ മതേതരത്വമെന്നു വിളിക്കുന്നവർ ഓർക്കാൻ

റവ.ഡോ.ഫിലിപ്പ് നെല്പുരപ്പറമ്പിൽ

Chairman

**Bp. Mar Thomas Chakiath**

Vice Chairmen

**Bp. Joshua Mar Ignathios**

**Bp. Dr. Vincent Samuel**

Secretary

**Fr. Josey Ponnambel MSFS**

Pastoral Orientation Centre, Palarivattom, Kochi -25, Ph: 0484- 2806262, kcbcshvj@gmail.com

kcbcshvjjj@gmail.com

# അഴിമതി നിർമ്മാർജ്ജിത സമൂഹം

## കെസിബിസി നൂതന പഠനരേഖ

**ആമുഖം**

1. അഴിമതിക്കും അനീതിക്കും അധർമ്മത്തിനുമെതിരേ കനൽച്ചൂടുപകരുന്ന ഏശയ്യായുടെ രൂക്ഷവാക്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ കാണാം: 'നീതി പുറന്തള്ളപ്പെട്ടിരിക്കുന്നു; ന്യായം വിദൂരത്തു നില്ക്കുന്നു; സത്യം പൊതുസ്ഥലങ്ങളിൽ വീണടിയുന്നു. സത്യസന്ധതയ്ക്ക് അവിടെ പ്രവേശനമില്ല; സത്യം ഇല്ലാതായിരിക്കുന്നു. തിന്മ വിട്ടകലുന്നവർ വേട്ടയാടപ്പെടുന്നു... അത് അവിടത്തെ അസന്തുഷ്ടനാക്കി. ഇടപെടാൻ ആരുമില്ലാത്തതിനാൽ അവിടന്നു ആശ്ചര്യപ്പെട്ടു! (ഏശ 59: 14-16). ഈ പ്രവാചകവചനം ശക്തമായി പ്രേരിപ്പിക്കുന്നതിനാലാണ്, കേരള കത്തോലിക്കാമെത്രാന്മാരായ ഞങ്ങൾ ഇങ്ങനെയൊരു പനരേഖ പുറപ്പെടുവിക്കാൻ നിർബന്ധിതരായിരിക്കുന്നത്. പൊതുജീവിതത്തിന്റെ സമസ്തമേഖലകളിലും അഴിമതി ഒരു സാംക്രമികരോഗംപോലെ വേരുകളാഴ്ത്തുകയാണ്. അതുകൊണ്ടുതന്നെ, ദൈവനീതിയുടെ ശബ്ദമാകാനുള്ള ഉത്തരവാദിത്വം സഭ ഏറ്റെടുക്കേണ്ടതുണ്ട്. നാബോത്തിന് പിതൃസ്വത്തും ജന്മാവകാശവുമായി കിട്ടിയ കൃഷിയിടം ഒന്നാന്തരം മുന്തിരിത്തോപ്പായി മാറുമ്പോൾ ആഹാബ് രാജാവ് അത് സ്വന്തമാക്കാൻ മോഹിച്ചു. അതിനുവേണ്ടി ഏതറ്റംവരെയും പോകാനും എന്തുക്രൂരതയും കാട്ടാനും രാജ്ഞി ഇസബല്ലയും തീരുമാനിക്കുന്നു. ഈ അധികാര ദുർവിനിയോഗവും അഴിമതിയും നിരപരാധനായ നാബോത്തിന്റെ രക്തചൊരിച്ചിൽവരെയെത്തി (1 രാജാ 21). അവിടെ നീതിയുടെ ശബ്ദമായി ഏലിയ പ്രവാചകനെത്തുന്നുതും നാം കാണുന്നു. ചുരുക്കത്തിൽ, അനീതിക്കെതിരേ പ്രതിഭാഷിക്കാനും ജനവികാരമുണർത്താനും സഭയ്ക്കു ബാധ്യതയുണ്ട്.

**അഴിമതിയെന്നാൽ**

2. ഔദ്യോഗികപദവിയും സ്വാധീനശക്തിയുമുള്ള ഒരു വ്യക്തി അന്യായപൂർണവും സ്വാർത്ഥാധിഷ്ഠിതവുമായ രീതിയിൽ കാര്യനിർവഹണം നടത്തുന്നതോ അതിന് കൈക്കൂലിയോ മറ്റു സൗകര്യങ്ങളോ സ്വീകരിക്കുന്നതോ നല്കുന്നതോ അതിനു പ്രേരിപ്പിക്കുന്നതോ ഒക്കെയാണ് വ്യാപകാർത്ഥത്തിൽ അഴിമതി. കൈക്കൂലിക്കു പുറമേ, സ്വജനപക്ഷപാതം, നീതിരഹിതശുപാർശകൾ, അധികാരദുർവിനിയോഗം, അനാസ്ഥ, ഉപേക്ഷമൂലമുള്ള വീഴ്ചകൾ, പൊതുമുതൽ അപഹരണം, നീതിനിഷേധം, കാലവിളംബമുണ്ടാക്കൽ തുടങ്ങിയവ അഴിമതിയുടെ ഭീമമായ ഭിന്നമുഖങ്ങളത്രേ.

3. കുറച്ചുനാൾ മുമ്പുവരെ ഭരണ-അധികാരതലങ്ങളിൽ അഴിമതി അത്രതന്നെ സാധാരണമോ വ്യാപകമോ ആയിരുന്നില്ല. ഉണ്ടെങ്കിൽ തന്നെ അത് കീഴ്ത്തട്ടുകളിൽ ഒതുങ്ങുന്ന അനുഭവമായിരുന്നു. ആദ്യകാല രാഷ്ട്രീയ നേതാക്കന്മാർ മിക്കവരും നിഷ്കാമകർമ്മംപോലെ ജനസേവനം കണ്ടിരുന്നവരുമാണ്. ഗാന്ധിജിയുടെയും മറ്റും തലമുറ ഉദാഹരണം. അത്തരം മനോഭാവത്തിലൂടെ ഭാരതം ഏറെ നേട്ടങ്ങൾ കൈവരിച്ചതും മറക്കുന്നില്ല.

4. എന്നാൽ, ഇപ്പോൾ ആ സ്ഥിതിവിശേഷം തകിടം മറിഞ്ഞിരിക്കുന്നു. അധികാരിവർഗം അഴിമതിയിൽ ഏതാണ്ട് മുങ്ങിത്തുടിക്കുകയാണ്. കോടാനുകോടികളുടെ അഴിമതി പുരാണങ്ങൾ പുറത്തുവരുമ്പോൾ, അക്ഷരാർത്ഥത്തിൽ, നടുക്കമുണ്ടാകുന്നു. അഴിമതിക്കേസിൽ കുടുങ്ങിയ നിരവധി നേതാക്കൾ അഴിയെണ്ണുന്ന സ്ഥിതിവിപര്യയം സാധാരണമായിരിക്കുന്നു. രാഷ്ട്രീയക്കാരും സർക്കാരുദ്യോഗസ്ഥരും പൊതുവേ കൈക്കൂലിക്കാരും അഴിമതിക്കാരുമെന്ന പേരു സമ്പാദിച്ചിരിക്കുന്നു. ഗ്രേഡനുസരിച്ച് കോഴയുടെ മാനങ്ങളും നിർണയിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, കൂരിരുട്ടിലും വെള്ളിവെളിച്ചം പോലെ, നീതിനിഷ്ഠരും ധർമ്മവാദികളുമായ ചിലരുണ്ടെന്നും സമ്മതിക്കുന്നു.

5. നീതിബോധമുള്ള ഉദ്യോഗസ്ഥവൃന്ദത്തെ നിരുത്സാഹപ്പെടുത്തുകയും വരുതിക്കുനിറുത്താൻ ശ്രമിക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാരും ഭരണാധികാരികളും പെരുകുമ്പോൾ, സത്യസന്ധരായവർപോലും നിസ്സഹായരാകുന്നുണ്ട്. അവർക്ക് അസ്വസ്ഥതയും അനിശ്ചിതത്വവുമില്ലാതെ ഒരു സേവനം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. പിന്നെ അവരും പ്രലോഭനങ്ങൾക്ക് അടിമകളാകുന്നു. മേലാളന്മാർക്കു കാര്യമായി വൻതുകകൾ തരപ്പെടുത്തിക്കൊടുക്കുമ്പോൾ, അത്ര മോശമല്ലാത്ത ഒരോഹരി അവർക്കും കിട്ടിയെന്നിരിക്കും. അവിഹിതമായ ഒത്തുവരുന്ന പ്രൊമോഷൻ പോലുള്ള സൗകര്യങ്ങളും വേണ്ടന്നുവയ്ക്കണമോ എന്നവർ ചിന്തിക്കും. അധികാരികൾക്കു വഴങ്ങാതെ വരുമ്പോൾ, ശിക്ഷണനടപടികളും ഒറ്റപ്പെടുത്തലുകളും അകലങ്ങളിലേക്കുള്ള ട്രാൻസ്ഫറുകളുമൊക്കെ വന്നുപെടാം. അപ്പോൾ ഒഴുക്കിനൊത്തു നീന്തുന്നതാണ് ആയാസരഹിതവും ലാഭകരവും സുരക്ഷിതവുമെന്ന് അവരും കരുതും. അഴിമതി എല്ലാ തലങ്ങളിലേക്കും പടരുന്നത് ഇങ്ങനെയാണ്.

6. ഭാവനാശാലികളായ ഭരണതന്ത്രജ്ഞരുടെ ദീർഘവീക്ഷണം വഴി കരഗതമായ വികസനംപോലും, തടസ്സപ്പെട്ടതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ജനക്ഷേമകരങ്ങളായ എത്രയോ പദ്ധതികൾക്ക്, സ്വാർത്ഥലോലുപരായ ബ്യൂറോക്രസികളുടെ ഇടപെടലുകൾ മൂലം ഗതിമാറ്റമുണ്ടായി! റോഡുകളും പാലങ്ങളും ഫാക്ടറികളും സ്ഥാപനങ്ങളുമൊക്കെ സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി ഇല്ലാതാക്കിക്കളഞ്ഞ ഉദ്യോഗസ്ഥമേധാവികളുണ്ട്. ഇത്തരം പദ്ധതികൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട വൻതുകകൾ, സ്വാർത്ഥമതികളായ രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും പേരിൽ ബാങ്കു നിക്ഷേപങ്ങളായി മാറിയിട്ടുണ്ട്. ന്യായമായി ലഭിക്കേണ്ട ലൈസൻസുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അംഗീകാരം, പ്രൊമോഷൻ, സ്ഥലംമാറ്റം തുടങ്ങിയവയ്ക്കെല്ലാം നല്കേണ്ട കൈക്കൂലി, പരസ്യമായി ലേലം ചെയ്യുന്ന സ്ഥിതിവരെയുണ്ടായി. എന്നാൽ ഇതിനൊക്കെയുള്ള തടയിടൽ, ലോക്പാൽ ബിൽ മുതലായവയിലൂടെ ദൂരീകരിക്കാൻ കഴിഞ്ഞേക്കുമെന്ന് നമുക്കു പ്രത്യാശിക്കാം.

7. ആവശ്യങ്ങളുമായി അധികാരികളെ സമീപിക്കുമ്പോൾ പൊതുജനങ്ങളും ധർമ്മചിന്ത വെടിഞ്ഞ് സ്വാർത്ഥതയിൽ അഴിമതി പ്രോത്സാഹകരായി മാറുന്നുണ്ട്. ആവശ്യം അംഗീകരിക്കപ്പെടാതെയോ അനുവദിക്കപ്പെടാതെയോ പോകുമെന്നു ഭയന്ന് അവർ എന്തും കൊടുക്കാൻ തയ്യാറാകുന്നു. കാലതാമസം പോലുള്ള അസൗകര്യങ്ങൾ മറികടക്കാനുള്ള പോംവഴി കൈക്കൂലി മാത്രമാണെന്നു കരുതി തിരിച്ചറിവിൽ, എതിർക്കാൻ മെനക്കെടാതെ കാര്യം കാണാൻ അവർ കോഴ കൊടുക്കുന്നു. പൊതുജനങ്ങളുടെ ഈ ഉദാരമായ സമീപനവും അഴിമതി വ്യാപകമാക്കാൻ സഹായിക്കുന്നുണ്ട്.

8. സ്വന്തം കാര്യം നേടാൻ ഒരു വ്യക്തി കൈക്കൂലി കൊടുക്കുമ്പോൾ, അതിന്റെ കോട്ടവും കെടുതിയും സഹിക്കേണ്ടിവരുന്നത് ബഹുജനമാണ്. ഉദാഹരണത്തിന് ഒരു കോൺട്രാക്ടർ എഞ്ചിനീയർക്ക് കൈക്കൂലി കൊടുത്താൽ, അയാൾ പണിയുന്ന റോഡും പാലവുമൊക്കെ നിലവാരമില്ലാത്തതാകും. നമ്മുടെ റോഡുകളും പാലങ്ങളുമൊക്കെ സഞ്ചാരയോഗ്യമല്ലാതെ നശിക്കുന്നത് ഇങ്ങനെയാണ്. ഗുണനിലവാരം കുറഞ്ഞ വസ്തുക്കൾക്കൊണ്ട് തികച്ചും അശാസ്ത്രീയമായി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ കാലാവധിക്കുമുമ്പുതന്നെ തകരും. അവശ്യവസ്തുക്കളുടെ വില, ഉത്പാദക കുത്തകകൾ തത്പര്യാനുസാരം കൂടക്കൂടെ വർദ്ധിപ്പിക്കുന്നതും ബന്ധപ്പെട്ട അധികാരികളുടെ അഴിമതികൊണ്ടാണ്. വികസനപ്രവർത്തനങ്ങളുടെ പേരിൽ, ജനസാന്ദ്രതകൂടിയ പ്രദേശത്തുനിന്ന് കുടിയൊഴിപ്പിക്കപ്പെടുന്നതും അവർക്ക് ന്യായമായ പുരനധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും അഴിമതികൊണ്ടാണെങ്കിൽ, നമുക്കതിനെ എതിർക്കാതെവയ്യ. സാമ്പത്തികരംഗത്തെ ചില പരിഷ്കാരങ്ങൾ വഴി, പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം വർദ്ധിക്കാനിടയാകുന്നതിന്റെ പിന്നിലും സൂക്ഷ്മപരിശോധനയിൽ, അഴിമതികൾതന്നെ കണ്ടെത്താനാവും. (തുടരും......)

(തുടരും......)

**റവ.ഡോ.സ്റ്റീഫൻ ആലത്തറ**

## കുട്ടികളുള്ള ദമ്പതികൾ എണ്ണത്തിൽ കുറയുന്ന കേരളം



കുട്ടികളില്ലാത്ത ദമ്പതികളുടെ കുടുംബങ്ങൾ ഏറി വരുന്ന നാടായി ഭാവിയിൽ കേരളം മാറുമോ ? ഇപ്പോൾ പുറത്തു വന്ന 2011 സെൻസസിന്റെ രണ്ടാം ഘട്ട കുടുംബ കേന്ദ്രീകൃത വിവരങ്ങളിലെ സൂചനകളെ അങ്ങനേയും വിലയിരുത്താം.

ഇന്ത്യ സെൻസസ് 2011 -ന്റെ പൊതുവിവരങ്ങൾ നേരത്തെ പുറത്തു വന്നപ്പോൾ കേരളത്തിന്റെ ജനസംഖ്യ സംബന്ധിച്ച വിശദമായി അവലോകനം ചെയ്യപ്പെട്ടിരുന്നു. ആരോഗ്യ പരിരക്ഷയിലെ മുന്നേറ്റം മൂലം ആയുർദൈർഘ്യം കൂടിയതും തത്ഫലമായി കേരള സമൂഹത്തിൽ വയോജനസംഖ്യ കൂടുന്നതും തെക്കൻ കേരളത്തിൽ ജനസംഖ്യയിലെ വളർച്ചാ നിരക്ക് കുറയുന്നതും മലബാർ മേഖലയിൽ കൂടുന്നതും വിലയിരുത്തപ്പെട്ടിരുന്നു. ജനസംഖ്യയുടെ ഘടനയിൽ വന്നിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് ഭരണാധികാരികൾ ആസൂത്രണവും പരിപാടികളും പരിഷ്ക്കരിക്കേണ്ടുന്ന ആവശ്യകതയും അത് ചുണ്ടിക്കാട്ടുന്നു.

2011-ലെ സെൻസസിന്റെ കുടുംബ കേന്ദ്രീകൃതമായ വിശദവിവരങ്ങൾ ഇപ്പോൾ പുറത്ത് വന്നിരിക്കുന്നത് കേരളീയ സമൂഹത്തിന്റെ ഭാവിയെ സംബന്ധിച്ച് പ്രതീക്ഷകളെക്കാൾ കൂടുതലായി ആശങ്കകൾ നൽകുന്നതാണ്. സമൂഹവും ഭരണാധികാരികളും കണ്ണ് തുറന്ന് കാണേണ്ട ചില സത്യങ്ങൾ അത് വിളിച്ചു പറയുന്നു.

പുറത്ത് വിട്ട കണക്കുകൾ പ്രകാരം കേരളത്തിൽ ആകെയുള്ള 77,16,370 കുടുംബങ്ങളിൽ 68.5 ശതമാനം കുടുംബങ്ങളിലും പുതിയ ദമ്പതികളുടെ എണ്ണം ഒന്ന് മാത്രം. അണുകുടുംബങ്ങളുടെ വളർച്ചയിൽ കൂട്ടുകുടുംബങ്ങൾ കുറ്റിയറ്റുകൊണ്ടിരിക്കുന്നു. വിവാഹിതരായ രണ്ട് പേർ (രണ്ട് കുടുംബങ്ങൾ) അടങ്ങുന്ന വീടുകൾ 13. 8 ശതമാനം മാത്രം. പത്തു വർഷം കഴിഞ്ഞ് അടുത്ത സെൻസസ് വരുമ്പോൾ ഈ കണക്കുകൾ എവിടെ ചെന്ന് നിൽക്കുമെന്ന് സങ്കൽപ്പിക്കുക.

ജനസംഖ്യയിൽ ചെറുപ്പക്കാരുടെ/കുട്ടികളുടെ എണ്ണക്കുറവ് മൂലം വിഷമിക്കുന്ന രാജ്യമാണ് ജപ്പാൻ. അവിടെ വിവാഹിതരായ ചെറുപ്പക്കാരിൽ തന്നെ കുട്ടികൾ വേണ്ട എന്ന് തീരുമാനിക്കുന്നവരുടെ എണ്ണം ക്രമാതീതമായി കൂടുന്നതായിട്ടാണ് കണക്കുകൾ. ഇവിടേയും കുട്ടികൾ വേണ്ട, അല്ലെങ്കിൽ വൈകി മതി എന്ന് തീരുമാനിക്കുന്ന വിവാഹിതരുടെ എണ്ണവും കൂടുന്നതായി സൂചനകളുണ്ട്. ജനസംഖ്യാ നിർമ്മിതിയിൽ കേരളം ജപ്പാൻ മോഡലിലേക്ക് പോകുകയാണെന്ന് ജനസംഖ്യ വിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ' ജപ്പാൻ ഒന്നര ഷോക്ക് എന്നാണ് അതിനെ വിളിക്കുന്നത്. അതായത് കുടുംബങ്ങളുടെ പ്രത്യുൽപ്പാദന ക്ഷമത ഒന്നര കുട്ടികൾ മാത്രം. 2011 സെൻസസ് പ്രകാരം കേരളം 1.8-ൽ എത്തിക്കഴിഞ്ഞു. ജപ്പാൻ മോഡലിലേക്ക് എത്താൻ അടുത്ത സെൻസസ് വരെ കാത്തിരിക്കേണ്ടതില്ല. കുട്ടികൾ വേണ്ട എന്നും അല്ലെങ്കിൽ വൈകി മതി എന്നും തീരുമാനിക്കുന്ന ടെക്കികളെ മറ്റ് പുത്തൻ കല്യാണക്കാരും അനുകരിച്ചു തുടങ്ങിയോ എന്തോ ?

സെൻസസ് പ്രകാരം കേരളത്തിൽ ഭൂരിപക്ഷം കുടുംബങ്ങളിലും അംഗസംഖ്യ നാലോ അതിൽ താഴെയോ ആണ്. ഇതിൽ മൂന്നോ അതിൽ കുറവോ അംഗങ്ങളുള്ള കുടുംബങ്ങളുടെ എണ്ണം മുപ്പത്തിരണ്ട് ശതമാനം വരും. കുട്ടികളില്ലാത്ത കുടുംബങ്ങളുടെ എണ്ണം ഇത് സാക്ഷ്യപ്പെടുത്തുന്നു. മുൻ സെൻസസുകളിൽ ജനസാന്ദ്രതയിൽ മുന്നിൽ നിന്നത് ആലപ്പുഴ ആയിരുന്നെങ്കിൽ ഇത്തവണ മലപ്പുറവും തിരുവനന്തപുരവും മുന്നിലെത്തി. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ജനസംഖ്യ ഏറ്റവും കൂടിയത് മലപ്പുറം ജില്ലയിൽ. അടുത്ത സെൻസസ് വരുമ്പോഴും ഈ പ്രവണത തുടരാനാണ് സാധ്യത. രണ്ടാമതായി കാസർഗോഡ്. പത്തനംതിട്ടയിലും ഇടുക്കിയിലും ജനസംഖ്യാ വളർച്ചാ നിരക്ക് നെഗറ്റീവ് ആണ്. അടുത്ത സെൻസസിൽ കോട്ടയവും ആലപ്പുഴയും ഈ ഗണത്തിലേക്ക് വരും.

## ഇന്റർനെറ്റ് അടിമത്തം തലച്ചോറിൽ മാറ്റങ്ങളുണ്ടാക്കാ



മയക്കുമരുന്നിന് അടിമകളാവുന്നവരെപ്പോലെ ഇന്റർനെറ്റിന് അടിമപ്പെടുന്നവരുടെയും തലച്ചോറിലുണ്ടാകുന്ന പ്രത്യാഘ്യാതങ്ങൾക്ക് സമാനതകളുണ്ടെന്ന് പുതിയ പഠനം. ഇന്റർനെറ്റിൽനിന്ന് വിട്ടുനിൽക്കാൻ കഴിയാത്ത കുറെപ്പേരുടെ തലച്ചോറ് പഠനവിധേയമാക്കിയ ചൈനീസ് ഗവേഷകരാണ് പുതിയ കണ്ടെത്തലിന് പിന്നിൽ.

ഇന്റർനെറ്റ് നോക്കുന്നത് നിയന്ത്രിക്കാനുള്ള ആവർത്തിച്ചുള്ള ശ്രമം പരാജയപ്പെടുന്നു എന്ന് സമ്മതിച്ചവരുടെ തലച്ചോറാണ് പഠനവിധേയമാക്കിയത്. എംആർഐ സ്കാൻ തലച്ചോറിലെ വൈറ്റ് മാറ്ററിൽ മാറ്റങ്ങൾ കണ്ടെത്തി. ശരീരത്തിലെ വിവിധ ഭാഗങ്ങൾ തമ്മിൽ ആശയവിനിമയം നടത്തുന്ന സിഗ്നലുകൾ വഹിക്കുന്ന തന്തുക്കളാണ് വൈറ്റ്മാറ്ററിലുള്ളത്. നാഡീതന്തുക്കൾ തലച്ചോറിന്റെ ചിലഭാഗങ്ങളുമായി ബന്ധപ്പെടുന്നിടങ്ങളിൽ തടസങ്ങളുണ്ടായതായി പഠനത്തിൽ കണ്ടെത്തി. വികാരങ്ങൾ, തീരുമാനമെടുക്കൽ, സംവേദനനിയന്ത്രണം തുടങ്ങിയ മേഖലകളുമായി ബന്ധിപ്പിക്കുന്നിടത്താണ് വൈകല്യമുണ്ടായത്. ലണ്ടനിലെ കിങ്സ് കോളേജിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്യാട്രിയിലെ ഗവേഷകർ നടത്തിയ പഠനത്തിൽ വീഡിയോ ഗെയിമിന് അടിമകളായവരിലും സമാനമായ മാറ്റങ്ങൾ കണ്ടെത്തി.

## വിദ്യാഭ്യാസ വായ്പയിലൂടെ അരങ്ങേറുന്നത് വിദ്യാഭ്യാസക്കച്ചവടം

വിദ്യാഭ്യാസം കച്ചവടവും വില്പനവസ്തുവും ആയപ്പോഴാണ് വിദ്യാഭ്യാസ വായ്പയുടെ പ്രവാഹമുണ്ടായത്. ഒരു കച്ചവടം മറ്റ് നിരവധി കച്ചവടങ്ങൾക്ക് വഴി തുറക്കും. വിദ്യാഭ്യാസം മൂലധനശക്തികൾക്ക് വിറ്റപ്പോൾ കച്ചവടത്തിന് ധാരാളം പുതിയ വഴികളാണ് മൂലധന ഉടമകൾക്ക് തുറന്നു കിട്ടിയത്. നഷ്ടമായത് വിദ്യാഭ്യാസ മേഖലയുടെ മൂല്യങ്ങൾ ആണെന്നു മാത്രം. മൂലധന ഉടമകൾക്ക് മൂല്യങ്ങളിൽ വിശ്വാസമില്ലാത്തിതിനാൽ അവർക്ക് നഷ്ടം ഉണ്ടാവില്ല. കിന്റർഗാർഡൻ മുതൽ ലോണെടുത്ത് പഠിപ്പിക്കേണ്ട ഗതികേടിലാണ് കേരളം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. എഞ്ചിനിയറിംഗ്, എം ബി ബി എസ്, ഐ ടി, എം ബി എ. എം സി എന്ന കോഴ്സുകളുടെ വ്യാപ്തിക്കനുസരിച്ച് വിദ്യാഭ്യാസ വായ്പാ തുകയുടെ അക്കങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു.

വായ്പ എടുത്ത് പഠിച്ച വിദ്യാർഥികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ ഭരണാധികാരികൾക്ക് കഴിയാതെ വരുമ്പോൾ വായ്പ എടുത്തു പഠിച്ച വിദ്യാർഥികൾ തൊഴിൽ ഇല്ലാതെ അലയന്നതിനൊപ്പം കടക്കാരായി മാറുന്നത് നാം നിത്യേന കാണുന്നു. ജപ്തി ഭീഷണികളുമായി ബാങ്കുകൾ പെരുമ്പറ കൊട്ടുമ്പോൾ നാം തിരിച്ചറിയേണ്ടത് വിദ്യാഭ്യാസ വായ്പയുടെ ലഭ്യതയെക്കുറിച്ചോ സുതാര്യ തയെക്കുറിച്ചോ അല്ല മറിച്ച് വിദ്യാഭ്യാസം ലഭിക്കുവാനുള്ള ഒരോ പൗരന്റേയും അവകാശത്തെക്കുറിച്ചാണ്. വിദ്യാഭ്യാസ വായ്പയിലൂടെ അരങ്ങേറുന്ന വിദ്യാഭ്യാസകച്ചവടം അരങ്ങു തകർക്കുമ്പോൾ ഭരണകൂടം നൽകേണ്ടത് വിദ്യാഭ്യാസ വായ്പയല്ല മറിച്ച് ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണ്.

## റാഗിംങ്: തടവുശിക്ഷ മൂന്നു വർഷമാക്കും

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംങ് തടയുന്നതിന് 1988ലെ കേരള റാഗിംങ് നിരോധന നിയമത്തിൽ നിന്നും ഭേദഗതിവരുത്തണം. നിലവിലുള്ള നിയമത്തിൽ അതിനുള്ള ശിക്ഷ രണ്ട് വർഷത്തെ തടവാണ്. ഇത് മൂന്നു വർഷമായി ഉയർത്താനും രേഖാമൂലം പരാതി ലഭിച്ചെങ്കിലും വിദ്യാഭ്യാസ്ഥാ പനങ്ങളിലെ അധികൃതർ കുറ്റക്കാർക്കെതിരെ നിർബന്ധമായും നടപടി സ്വീകരിക്കണമെന്നുമാണ് ഭേദഗതി വരുത്തുന്നത്. ഡി.ജി.പി യു മായി ചർച്ച ചെയ്ത് തയ്യാറാക്കിയ കരട് ഭേദഗതി നിയമ വകുപ്പിന് നൽകിയിരിക്കുകയാണ്.

റാഗിംങ് തടയുന്നതിന് പുതിയ നിയമനിർമാണം നടത്തണമെന്ന് രണ്ടത്താണി സബ്മിഷനിൽ ആവശ്യപ്പെട്ടു. റാഗിംങ് നിരോധിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റാഗിംങ് നിരോധന നിയമം ഇന്ത്യ ഒട്ടാകെ വരുത്തിയിട്ടുള്ളതാണ്. ഈ നിയമത്തിന്റെ പിൻബലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംങ് ഇല്ലാതാക്കാൻ സംസ്ഥാന സർക്കാരും സർവകലാശാലകളും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

റാഗിംങ് ക്രിമിനൽ കുറ്റമായി കണക്കാക്കി കടുത്തശിക്ഷ നൽകാൻ 1998 ൽ നിയമം പാസാക്കിയ സംസ്ഥാനമാണ് കേരളം. സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം മുൻ സി.ബി.ഐ ഡയറക്ടർ ആർ.കെ രാഘവന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ നിയമിച്ച ഏഴംഗകമ്മിറ്റിയും റാഗിംങിനെ നേരിടാൻ കർശന നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ 2009 മെയ് എട്ടിന് സുപ്രീംകോടതിതന്നെ പുറപ്പെടുവിച്ച ഒരു

സുപ്രധാന വിധിയിലും റാഗിംങ്ങിനെ കർശനമായി തടയുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുന്നുണ്ട്. എല്ലാറ്റിനും പുറമെ സർവകലാശാല ഗ്രാന്റ് കമ്മീഷനും ഇക്കാര്യത്തിൽ അതിശക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും രണ്ടത്താണി പറഞ്ഞു.

## ഈ ലോകത്തിലെ സമ്പന്നർ അകപ്പെട്ടിരിക്കുന്ന ചതി



നീതിയുടെ മാർഗത്തിലൂടെ നേടുന്ന സമ്പത്തിന്റെ പൂർണ അധികാരി ഉടമസ്ഥനാണോ? ഉടമയുടെ ഇഷ്ടമനുസരിച്ച് അതു ചിലവഴിക്കുന്നതിൽ തെറ്റുണ്ടോ? ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ഒരന്വേഷണം.

ഈ ലോകത്തിലെ സമ്പന്നർ അകപ്പെട്ടിരിക്കുന്ന, അവരെ നന്നായി ജീവിക്കുന്നതിൽ നിന്നും മരിക്കുന്നതിൽ നിന്നും തടയുന്ന വലിയൊരു തെറ്റിതാണ് - സമ്പന്നർ വിചാരിക്കുന്നു സമ്പത്ത് നീതിയുടെ മാർഗത്തിലൂടെ നേടിയതിനാൽ അത് അവരുടെ സ്വന്തമാണ്. അതിനെ നിയമപരമായി ചെലവഴിക്കുകയും കൊടുക്കുകയും വിനിയോഗിക്കുകയും ചെയ്യാം. എന്തുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ ചെയ്യുന്നത്? എന്തിനാണിത്ര വില കൂടിയ വസ്ത്രങ്ങൾ ധരിക്കുന്നത്? ഇത്രയും ആഡംബരം നിറഞ്ഞ ആഘോഷങ്ങളെന്തിന്? ഇത്രയേറെ ധൂർത്തരാകുന്നതെന്തിന്? സുഖസന്തോഷങ്ങൾക്കു വേണ്ടി നിങ്ങൾ ഇത്രയേറെ പണം ചിലവാക്കുന്നതെന്തിന്? എന്നിങ്ങനെയൊന്നും അവരോട് ചോദിക്കുവാൻ ആർക്കുമാവില്ല. അവർ ഉത്തരം നല്കുന്നതിങ്ങനെയായിരിക്കും. നിങ്ങൾക്കെന്താണ് ഇതിൽ കാര്യം. എന്റെ സ്വന്തം സ്വത്തുവകകൾ കൊണ്ട് എനിക്കിഷ്ടമുള്ളത് ചെയ്തുകൂടെ?

ഈ തെറ്റ് വളരെ ഗുരുതരവും അപകടകരവുമാണെന്ന കാര്യത്തിൽ സംശയമില്ല. മറ്റുള്ള മനുഷ്യരെ വച്ചുനോക്കുമ്പോൾ സമ്പന്നർ തങ്ങളുടെ സ്വത്തിന്റെ ഉടമകളാണെങ്കിലും ദൈവതിരുമുൻപിൽ അവർ ഈ സമ്പത്തിന്റെ കാര്യസ്ഥൻമാർ മാത്രമാണ്. ഈ സത്യം പല വാദങ്ങളിലൂടെയും തെളിയിക്കാവുന്നതാണ്. പുതിയ ദേവാലയം പണിയുമ്പോൾ ഒന്നിനും യാതൊരു കുറവും വരില്ല. കാരണം. ദൈവമാണ് അതിന്റെ നിർമ്മാണത്തിന് കല്പനയിടുന്നത്. ഈ ലോകത്തിലെ സകല സ്വർണവും വെള്ളിയും അവിടുത്തേതുതന്നെ. ധനികനെ ദരിദ്രനാക്കുന്നതിനും അവരുടെ കാര്യസ്ഥത എടുത്തുമാറ്റുന്നതിനും ദൈവത്തിന് വഴികൾ തിരിയേണ്ട ആവശ്യമില്ല. കപ്പലപകടത്തിലൂടെയും കൊള്ളയടിക്കപ്പെടുന്നതിലൂടെയും പകർച്ച വ്യാധികളിലൂടെയും വെള്ളപ്പൊക്കത്തിലൂടെയും വരൾച്ചയിലൂടെയും അതുപോലുള്ള മറ്റ് പീഡകളിലൂടെയും ദൈവം അനേകം സമ്പന്നരോട് പറയുന്ന ശബ്ദം നമുക്ക് കേൾക്കാം "മേലിൽ നീ കാര്യസ്ഥനായിരിക്കാൻ പാടില്ല."

## ഇങ്ങനെ മദ്യം ഒഴുക്കിയാൽ

വ്യക്തിയും കുടുംബവും തകരട്ടെ രാജ്യത്തിന്റെ മാനവവിഭവശേഷി തുലയട്ടെ. മദ്യവ്യാപാരവും വരുമാനവും കൊഴുക്കണമെന്നേ ഭരണവർഗ്ഗത്തിനുള്ളൂ എന്നത് പരക്കെ ബോധ്യമായ തിക്ത പരമാർഥമാണ്. ഒറിജിനലും വ്യാജനുമായ സ്വദേശി -വിദേശി മദ്യങ്ങളുടെ ഉത്പാദനത്തിലും ഉപയോഗത്തിലും കേരളം ഇതര സംസ്ഥാനങ്ങളെ കടത്തിവെട്ടിയിരിക്കുകയാണ്. മലയാളി അരി വാങ്ങുന്നതിനേക്കൾ പണം ചെലവിടുന്നത് മദ്യപിക്കാനാണെന്ന ആക്ഷേപത്തിൽ അതിശയോക്തിയുണ്ടാകാമെങ്കിലും വസ്തുതാ നിബിഡമാണത്. സർക്കാരിനാണ് മദ്യ വിൽപ്പനയുടെ കുത്തക. നിയന്ത്രണം എക്സൈസ് വകുപ്പിനും. അതു കൊണ്ടുതന്നെ മദ്യം വരുത്തി വെക്കുന്ന സകല കുഴപ്പങ്ങളുടെയും ഉത്തരവാദി ഭരണകൂടമാണ്. ലഭ്യതയാണല്ലോ ഉപയോഗത്തിന്റെ ആദ്യപടി. ഓരോ ആഘോഷവേളയിലും ബീവറേജസ് കോർപ്പറേഷൻ വഴി വിൽക്കുന്ന മദ്യത്തിന്റെ അളവ് കൂടിക്കൊണ്ടിരിക്കയാണ്.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരളത്തിൽ മദ്യോപയോഗം 63 ശതമാനം വർധിച്ചതായി നിയമസഭയിൽ വെച്ച സിഎ ജിയുടെ പുതിയ റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം മുപ്പത് ശതമാനമാണ് വർധന. 2010 -11 വർഷം 6730. 30 കോടി രൂപയുടെ മദ്യമാണ് ബീവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തിയത്. ആരാധനാലയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിശ്ചിത അകലത്തിൽ മാത്രമേ മദ്യശാലകൾ പാടുള്ളൂ എന്ന നിർദ്ദേശം മിക്കയിടങ്ങളിലും കാറ്റിൽ പറത്തിയിരിക്കയാണ്.

## വാഹന വേട്ട തുടരുന്നു: ഒറ്റ രാത്രികൊണ്ട് ഈടാക്കിയത് 3.25 ലക്ഷം

നിയമം ലംഘിച്ചവയിൽ അധികവും അന്യസംസ്ഥാന

വാഹനങ്ങൾകടന്നുവരുന്ന വാഹനങ്ങളിൽ ഭൂരിപക്ഷവും ഗതാഗത നിയമം ലംഘിക്കുന്നു. പിടിക്കാവുന്ന വാഹനങ്ങളൊക്കെ പിടികൂടി പിഴ ഈടാക്കിയപ്പോൾ ഒറ്റ രാത്രികൊണ്ടു സർക്കാരിലേക്ക് പിരിഞ്ഞു കിട്ടിയത് 3,25,000രൂപ. നിയമം ലംഘിച്ചവയിൽ അധികവും അന്യസംസ്ഥാന വാഹനങ്ങളായിരുന്നു. അന്തർ സംസ്ഥാന പെർമിറ്റുള്ള വാഹനങ്ങൾ കേരളത്തിനകത്തു മാത്രം സർവീസ് നടത്തി പണം കൊയ്യുന്നത് ഉദ്യോഗസ്ഥർ പിടികൂടി. അമിതലഗേജുമായി സർവീസ് നടത്തിയ അന്തർ സംസ്ഥാന ടൂറിസ്റ്റ് ബസുകളും പിടിയിലായി.

പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചു ചരക്കു കയറ്റിയ ലോറികളും കസ്റ്റിഡിയിലെടുത്തു. എയർ ഹോൺ മുഴക്കൽ, അമിതവേഗം, ലൈസൻസില്ലത്ത ഡ്രൈവിംങ്, മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടു വാഹനമോടിക്കൽ. ഹെൽമറ്റും സീറ്റ് ബെൽറ്റും ധരിക്കാത്ത ഡ്രൈവിംങ് തുടങ്ങിയ കുറ്റങ്ങളും കണ്ടെത്തി. രാത്രികാലത്ത് മീറ്റർ പ്രവർത്തിപ്പിക്കാത്ത നിരവധി ഓട്ടോറിക്ഷകൾ പിടികൂടി.

## ഇവരെയും മനുഷ്യരായി കാണണം

നിറഞ്ഞ പ്രതീക്ഷയോടെ ആയിരക്കണക്കിന് അന്യസംസ്ഥാന തൊഴിലാളികളാണ് കേരളത്തിലേക്ക് ഒഴുകിയെത്തുന്നത്. അവരെ സംബന്ധിച്ചിടത്തോളം കേരളം മിനി ഗൾഫ് തന്നെ. സ്ഥിര ജോലി, മോശമല്ലാത്ത വേതനം, സ്വന്തം നാട്ടിൽ സ്വപ്നം കാണാൻ കഴിയാത്ത ജീവിത ചുറ്റുപാട്- നിത്യവും കൂടുതൽ കൂടുതൽ ആളുകൾ എത്തുന്നതിന് പ്രത്യേക കാരണം ചികയേണ്ടതില്ല. എന്നാൽ, സ്വപ്നം കാണുന്നതുപോലുള്ള പളപളപ്പിലേക്കല്ല ബഹുഭൂരിപക്ഷം അന്യസംസ്ഥാന തൊഴിലാളികളും എത്തിപ്പെടുന്നത് എന്നതാണ് യാഥാർഥ്യം.

മഴയെന്നോ രാത്രിയെന്നോ വെയിലെന്നോ നോക്കാതെ പതിനെട്ട് മണിക്കൂർവരെ ജോലി പ്രാഥമിക ആവശ്യങ്ങൾക്കു പോലും സൗകര്യമില്ലാത്ത വൃത്തിഹീനമായ താമസസൗകര്യം. തൊഴിൽ ഉടമകളുടെയും ഇടത്തട്ടുകാരുടെയും കൊടുംചുഷണവും പീഡനവും - അതിദയനീയമാണ് ഇവരുടെ ജീവിതം. അന്യസംസ്ഥാന തൊഴിലാളികളെ നിർബന്ധമായും റജിസ്റ്റർ ചെയ്യണം. അതോടൊപ്പം തദ്ദേശസ്ഥാപനങ്ങൾ മുഖേന ഇവർക്ക് തിരിച്ചറിയൽ കാർഡും നൽകണം. ഒരു പ്രത്യേക ഏജൻസിയെ നിയോഗിച്ച് കേരളത്തിൽ നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണവും ജിവിത നിലവാരവുമടക്കമുള്ള മറ്റു വിശദാംശങ്ങളും കണ്ടെത്താനുള്ള സർവേയാണ് ആദ്യം വേണ്ടത്. ഇതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം.

## മതവിരുദ്ധതയില്ലെന്നു ബോധ്യപ്പെടുത്തണം!

**ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ**

നുണ പറയുക, നുണ പറയുക, ചിലതെല്ലാം ഫലിക്കും. എന്നതു ഹിറ്റ്ലറുടെ ആത്മമിത്രമായിരുന്ന ഗീബൽസിന്റെ ആപ്തവാക്യമായിരുന്നു. ആവർത്തിച്ചാവർത്തിച്ചു പറയുന്ന കാര്യങ്ങളെ പാടേ നിഷേധിക്കാൻ പലരും ധൈര്യപ്പെടില്ല, ചിലരെങ്കിലും അക്കാര്യങ്ങൾ അപ്പാടെ വിഴുങ്ങും. അടുത്തകാലത്തായി നടന്ന രാഷ്ട്രീയചർച്ചകളിൽ ചില പ്രത്യയശാസ്ത്രക്കാരുടെ കണ്ടെത്തലാണ് ഇവിടെ മതവിശ്വാസികളുടെ, പ്രത്യേകിച്ചും ക്രൈസ്തവരുടെ, ഇടയിലെ സ്വാധീനം വർധിപ്പിക്കണമെന്നത്. അതുകൊണ്ടാണല്ലോ തിരുവനന്തപുരത്തെ പ്രദർശനശാലയിൽ മാർക്സിസ്റ്റ് വിപ്ളവകാരികളോടൊപ്പം ക്രിസ്തു ചിത്രം പ്രദർശിപ്പിച്ചു ബഹുമാനിച്ചത്! ഇപ്പോൾ കോഴിക്കോട്ടും ഈ പ്രദർശനത്തിൽ ക്രിസ്തുവിനും ക്രൈസ്തവർക്കും പരിഗണന നൽകിയിരിക്കുന്നു. ആ കൂട്ടത്തിൽ തങ്ങൾ മതവിരുദ്ധരല്ലെന്ന അവർ ഇപ്പോൾ ആവർത്തിച്ചു കൊണ്ടിരിക്കുകയുമാണല്ലോ.

ഇതിനു മറ്റൊരു വശം കൂടിയുണ്ട്. വൈരുധ്യാത്മക വൃത്തത്തിലാണല്ലോ നാമിന്നു ജീവിക്കുന്നത്! ആനിമൽ ഫാം, 1984 തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവായ ജോർജ് ഓർവെൽ ഡബിൾ സ്പീക്ക് എന്ന് റഷ്യയിലെ കമ്യൂണിസ്റ്റ് പ്രചാരകരുടെ ശൈലിയെ വിശേഷിപ്പിക്കുമായിരുന്നു. ഇത് ദ്വയാർഥ പദപ്രയോഗമാണ്. കേൾവിക്കാർക്ക് ഒരർഥവും പറയുന്നവർക്ക് മറ്റൊരർഥവും ഉണ്ടാകാമല്ലോ. മതവിരുദ്ധതയില്ല എന്നു പറയുന്നവരും ഈ വൈരുധ്യാത്മകതയുടെ രൂപമാണ് തെളിയിക്കുന്നത്.

## മൂന്നാമതും അധിവർഷ കുഞ്ഞ്



ഒരു അമേരിക്കൻ വനിത തുടർച്ചയായി മൂന്നാം തവണയും ഫെബ്രുവരി 29 ന് കുഞ്ഞിന് ജന്മം നൽകി. സാൾട്ട്ലേക്കിന് സമീപം

പ്രൊവൊയിലുള്ള യുഎസ് ദമ്പതികൾക്കാണ് മൂന്നാം അധിവർഷത്തിൽ പിറന്നത് ജാഡെ എന്ന സുന്ദരിയാണ്. ആദ്യപുത്രൻ സേവ്യയർ 2004 ഫെബ്രുവരി 29നും രണ്ടാമത്തെ പുത്രൻ റെമിംഗ്ടർ 2008 ഫെബ്രുവരി 29നും ആണ് ജനിച്ചത്. നോർവെയിലെ ഹെന്റിക്സൻ കുടുംബത്തിനാണ് ഈ ഭാഗ്യം സ്വന്തമാക്കാൻ കഴിഞ്ഞിരുന്നത്: ഇവർക്ക് 1960,1964,1968 എന്നീ വർഷങ്ങളിലാണ് അധിവർഷകുഞ്ഞുങ്ങൾ ജനിച്ചത്.

## കാളകുത്തിയാൽ പിന്നെ!

പുകവലി ആരോഗ്യത്തിന് ഹാനികരം മദ്യവ്യാപനം ആരോഗ്യത്തിന് ഹാനികരം! രണ്ടും സർക്കാർ അംഗീകരിച്ചു പരസ്യം ചെയ്യുന്ന മുദ്രാവാക്യങ്ങൾ. എന്തുകൊണ്ടാണ് രണ്ടാമത്തേതിനു സ്വീകാര്യത പോരാത്തത്.

കുടിച്ചില്ലെങ്കിൽ അതു വലിയ കുറവു തന്നെ, ഒട്ടു മിക്കവാറും പേർ അങ്ങനെ ചിന്തിക്കുന്നു. കുടിപ്പിച്ചില്ലെങ്കിൽ അതിനെക്കാൾ വലിയ കുറവ്, എന്ന് സർക്കാരും ചിന്തിക്കുന്നു. മദ്യത്തിൽനിന്നുള്ള വരുമാനമില്ലെങ്കിൽ പിടിച്ചുനിൽക്കാനാവില്ല, സർക്കാരിന്റെ ധനകാര്യവിദഗ്ധർ ആ വിധമാണ് ചിന്തിക്കുന്നത്. യഥേഷ്ടം മദ്യം വിതരണം ചെയ്യുക, എന്നിട്ടു പ്രസ്താവന പുറപ്പെടുവിക്കുക മദ്യത്തിൽ നിന്നു കിട്ടുന്നതിന്റെ ഇരട്ടിതുക മദ്യപരുടെ പുനരധിവാസത്തിനും ചികിത്സയ്ക്കും മുടക്കും.

ഇറ്റലി കഴിഞ്ഞാൽ മദ്യത്തിലൂടെ ഏറ്റവും മധികം പണം സമ്പാദിക്കുന്ന രാജ്യമാണ് കേരളം. പഞ്ചായത്തുകൾ തോറും ബിവറേജസ് ഔട്ട്ലെറ്റുകൾ ഉള്ളപ്പോഴാണ് കെടിഡിസി യുടെ 35 മദ്യക്കടകളും 21 ബിയർ പാർലറുകളും പ്രവർത്തിക്കുന്നത്. ബിയർ കുപ്പി വിറ്റുമാത്രം 60 ലക്ഷം രൂപ ലാഭമുണ്ടാക്കി കഴിഞ്ഞ കൊല്ലം കെടിഡിസി. ഇക്കൊല്ലം തുക പിന്നെയും കൂടും. ബിവറേജ് കോർപ്പറേഷന് കുപ്പികൾ തിരികെ കിട്ടാത്തതുകൊണ്ട് ഇങ്ങനെയൊരു വരുമാനമുണ്ടാക്കാനാവുന്നില്ല.

കുടികൂടുതലും പട്ടണങ്ങൾ കേന്ദ്രീകരിച്ചാണ് ഗ്രാമങ്ങളിൽ കുറവ്. മദ്യപാനം മൂലമുള്ള രോഗികൾ കൂടുതലും നഗരപ്രദേശങ്ങളിൽ. അതുകൊണ്ട് ഗ്രാമീണ മേഖലയിൽ തൊഴിൽ ചെയ്യാൻ പറ്റില്ലെന്നാണ് ഡോക്ടർമാർ, അല്ലെങ്കിൽ ഡോക്ടർ ആകാൻ പോകുന്നവർ.

അങ്ങാടിയിൽ ചെന്നപ്പോൾ കാളകുത്തിയതിന് വീട്ടിൽ വന്ന് അമ്മയെ തല്ലിയെന്ന് കേട്ടിട്ടുണ്ട്. കൂട്ടസിസേറിയൻ, കാലുമാറി ചികിത്സ,കേടായ പല്ലു നിർത്തി കേടാകാത്തതു പറിക്കുക ഇതൊക്കെയാണ് ഡോക്ടർമാരുടെ പണി.

## 61% ബാർ ഹോട്ടലുകളും പ്രവർത്തിച്ചത് ചട്ടങ്ങൾ ലംഘിച്ച് : സി.എ.ജി. റിപ്പോർട്ട്

യോഗ്യതാനിബന്ധനകൾ പാലിക്കാതെയും ചട്ടങ്ങൾ ലംഘിച്ചുമാണു സംസ്ഥാനത്ത് 61% ബാർ ഹോട്ടലുകളും പ്രവർത്തിച്ചതെന്നു കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ. മദ്യത്തിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തണമെന്ന പ്രഖ്യാപിതനയം നിലനിൽക്കേ കഴിഞ്ഞ അഞ്ചുവർഷം 153 ബാർ ലൈസൻസുകൾ അനുവദിച്ചെന്നും സംസ്ഥാനത്തു മദ്യ ഉപയോഗം 63% വർധിച്ചെന്നും ചൂണ്ടിക്കാട്ടുന്ന റിപ്പോർട്ട് സർക്കാർ നിയമസഭയുടെ മേശപ്പുറത്തുവച്ചു. 2011 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ വകുപ്പിന്റെ പ്രവർത്തനങ്ങളാണ് ഓഡിറ്റ് ചെയ്തത്.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും സമീപം ബാർ ഹോട്ടലുകൾ ഉണ്ടാവാതിരിക്കാൻ സർക്കാർ ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നു കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ശിപാർശ ചെയ്തു. കൃത്രിമക്കള്ള് എളുപ്പം തിരിച്ചറിയാനും ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു കള്ള് കൊണ്ടുപോകാനും ഫലപ്രദമായ നടപടി വേ ണം നിയമം നടപ്പാക്കാൻ മതിയായ മാനവ വിഭവശേഷിയും അടിസ്ഥാനസൗകര്യവും വകുപ്പിനു നൽകണം.

## അടിമത്തത്തിന്റെ നുകം പേറുന്ന മലയാളം

സാംസ്കാരിക കേരളത്തിന്റെ ജീവഭാഷയായ മലയാളം ഇന്ന് നിലനില്പിനുവേണ്ടിയുള്ള ദീനരോദനത്തിൽ. മലയാളത്തിന് വംശനാശം സംഭവിക്കുമോ എന്ന ഭീതി ഭാഷാ സ്നേഹികളെ ഗ്രസിച്ചിരിക്കുന്നു. മുലപ്പാലിന്റെ ഗന്ധമുള്ള ഭാഷയെയും അത് പ്രസരിപ്പിക്കുന്ന സംസ്കാരത്തിന്റെ ഔന്നത്യത്തെയും വർജിക്കാനുള്ള വാസന അത്രകണ്ട് ശക്തമായിരിക്കുന്നു. മാതൃഭാഷാപഠനം വഴിപാടായും അലർജിയായും കാണപ്പെടുന്നരുടെ എണ്ണമാകട്ടെ അനുദിനം വർദ്ധിച്ചു കൊണ്ടുമിരിക്കുന്നു. മാറുന്ന ജീവിത ശൈലിക്കനുസരിച്ച് ചിലർ ഭാഷയിലും മാറ്റങ്ങൾ വരുത്തുന്നു. ഉച്ചാരണശുദ്ധിയില്ലാതെ തെറ്റുകൾ നിറച്ച് ഭാഷ ഉപയോഗിക്കുന്ന ഇവർ മലയാളത്തെ വികൃത ഭാഷയാക്കി. മുറി ഇംഗ്ലീഷും മലയാളവും

ഇടകലർത്തിയുള്ള ആശയവിനിമയത്തിലൂടെ നപുംസകഭാഷയാണ് ഇക്കൂട്ടർ വഴികാട്ടിയായി സ്വീകരിച്ചിട്ടുള്ളത്. ഇംഗ്ലീഷിനോടുള്ള മലയാളിയുടെ അന്ധമായ അഭിനിവേശത്തെ മൂലധനശക്തികൾ സമർത്ഥമായി ചൂഷണം ചെയ്യുന്നു. വിദ്യാഭ്യാസ വ്യവസായത്തിൽ ഉപഭോക്താവിനെ വലയിൽത്തീർന്നിരിക്കുന്നു ഭാഷയും.

മലയാളിക്ക് സഹജമായ കാപട്യം ഭാഷയുടെ കാര്യത്തിലും പ്രതിഫലിച്ചുകാണാം. ഔദ്യോഗികഭാഷ മലയാളമാക്കി നിയമം വന്നിട്ട് നാലു പതിറ്റാണ്ട് പൂർത്തിയായെങ്കിലും സെക്രട്ടേറിയറ്റിൽ 40 ശതമാനം ഫയലുകൾപോലും മലയാളത്തിൽ എഴുതപ്പെടുന്നില്ല. മലയാളം ശക്തമാകാൻ ഭരണഭാഷയും കോടതിഭാഷയും പൂർണമായും മലയാളത്തിലായേ മതിയാകൂ.

## ഉറക്കം ഉറങ്ങി തീർത്തോളൂ...



ഉറക്കം ചെറിയ മരണമാണ്. എന്നാൽ ശരീരം മുഴുവൻ നിശ്ചലമാകുന്ന മരണമല്ല, പകരം നമ്മുടെ ശരീരത്തെയും തലച്ചോറിനെയും പുതുക്കാനായി ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും തലച്ചോറിന്റെയും പ്രവർത്തനങ്ങൾ കുറയ്ക്കുകയും പകരം ഒരു ദിവസത്തിന്റെ അലച്ചിലിന്റെ ക്ഷീണം മാറ്റുകയും ചെയ്യുന്ന ഒരു സുന്ദര പ്രക്രിയ. അതിനാൽ നല്ല ഉറക്കം നല്ല ആരോ ഗ്യമുള്ളവരുടെ ലക്ഷണമാണ്. എത്ര ഉറങ്ങി എന്നതിലല്ല, എങ്ങനെ ഉറങ്ങി എന്നതിലാണു പ്രാധാന്യം.

മികച്ച ഉറക്കം ലഭിക്കുന്നതു നമ്മുടെ കഴിവുകളെ വർധിപ്പിക്കും. മതിയായ വിശ്രമം ലഭിക്കുന്ന സാഹചര്യങ്ങളിൽ ഒരാളുടെ തലച്ചോർ ഏറ്റവും പ്രവർത്തനക്ഷമമായിരിക്കുമെന്നാണു വിദഗ്ധമതം. പതിവായി ഉറക്കം കുറഞ്ഞാൽ അതു മനുഷ്യന്റെ മൊത്തത്തിലുള്ള ഊർജസ്വലതയെയും ബുദ്ധിയെയും സാരമായി ബാധിക്കും. വേഗത്തിൽ ചിന്തിക്കാനും കാര്യങ്ങൾ വിശകലനം ചെയ്തു തീരുമാനമെടുത്തു പ്രവർത്തിക്കാനുമുള്ള കഴിവിനെ ഉറക്കക്കുറവ് സാരമായി ബാധിക്കുമെന്നാണു നിദ്രാശാസ്ത്രജ്ഞരുടെ കണ്ടെത്തൽ.

അസ്വസ്ഥത, അനാവശ്യമായ ദേഷ്യം, ശ്രദ്ധക്കുറവ്, ക്ഷീണം എന്നിവയൊക്കെ ഉറക്കം കുറയുന്നതിന്റെ ഫലമായി ഉണ്ടാകുന്നു. രോഗപ്രതിരോധശേഷിയെയും ലൈംഗിക ശേഷിയെയും ഉറക്കമില്ലായ്മ ബാധിക്കും. രാത്രിയിൽ നല്ല ഉറക്കം ലഭിക്കാത്തവർ പകൽ മുഴുവൻ ഉറക്കംതൂങ്ങികളാകും. തലവേദനയും മറ്റ് അസ്വസ്ഥ തകളും ഇവരെ വിടാതെ പിന്തുടരും.

അസഹ്യമായ കൂർക്കംവലി, പകൽ അധിക ഉറക്കം, ശ്രദ്ധ കേന്ദ്രീകരിക്കാൻ പറ്റാത്ത അവസ്ഥ, രാവിലെയുള്ള തലവേദന, അസ്വസ്ഥത, ഉയർന്ന രക്തസമ്മർദം എന്നീ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഉറക്കം പരിശോധനാ വിധേയമാക്കണമെന്നു ഡോക്ടർമാർ നിർദേശിക്കുന്നു. ഉറക്കത്തിൽ ശ്വസനം തടസ്സപ്പെടുന്നുണ്ടോ എന്നും പരിശോധിക്കണം. കൂടാതെ അമിതമായി ഉറങ്ങുന്നതു പല രോഗങ്ങളുടെയും ആരംഭമായി ഡോക്ടർമാർ കണക്കാക്കുന്നു. ഉറക്കം ലഭിക്കാൻ ഗുളികകളെ ആശ്രയിച്ചാൽ പിന്നീട് അതു ശീലമായി മാറും. ഉറക്കത്തിനെ വരുതിയിലാക്കാൻ ബിഹേവിയറൽ തെറാപ്പിയാണ് മികച്ച മാർഗമായി പറയുന്നത്. ഉറക്കം അന്യമാകാനുള്ള കാര്യങ്ങളെ കണ്ടെത്തി അവയ്ക്കു പരിഹാരം കാണുന്ന രീതിയാണ് ബിഹേവിയറൽ ചികിൽസ.

നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ കണക്കനുസരിച്ച് പ്രായപൂർത്തിയായ ഒരാൾ ഏഴു മണിക്കൂറിൽ കുറയാതെ ഉറങ്ങണം. എന്നാൽ ആധുനിക കാലത്ത് 6 മുതൽ 7 മണിക്കൂർ വരെയുള്ള സമയമെങ്കിലും ഉറങ്ങിയിരിക്കണമെന്നാണു ഡോക്ടർമാർ നിഷ്കർഷിക്കുന്നത്. ഉറക്കത്തിന്റെ അളവ് ഒരോരുത്തരിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

## Congregation for the Doctrine of the Faith Has A New Domain:

The Congregation for the Doctrine of the Faith has opened a new domain within the official website of the Holy See. In this way, the congregation hopes to facilitate the consultation of its documents which, having the express approbation of the Holy Father,participate in his ordinary Magisterium as the Peter's Successor. Attentive reception of these texts is important for all members of the faithful and in particular for those who are engaged in theological and pastoral work.

## Pope Blesses Eucharistic Congress Bell

**Symbol of a Call to the Eucharist**

During Wednesday's general audience Benedict XVI blessed the 50th International Eucharistic Congress


(IEC) bell. The IEC will take place June 10-17 in Dublin. The bell was presented to the Pope by an Irish delegation, led by Archbishop Diarmuid Martin of Dublin. The bell has been touring Ireland and up to around a quarter of a million people have rung it, according to a press release published by the Irish Catholic Bishops' Conference.

## Jordanian prince urges Arab Christians not to emigrate

**A member of the Jordanian royal family has urged Arab Christians to stay in their native lands.**

"The Arab Christians are Arabs and are the pioneers of thought and Arab revival," said Prince Hassan binTalal, the uncle of King Abdullah II and a leader in interreligious dialogue, at a conference organized by the Jordanian Royal Institute of Inter-Faith Studies, the Syrian Orthodox Archdiocese of Aleppo, and the Mennonite Central Committee. Stating that the departure of Christians from the region harmed Christians and Muslims alike, Prince Hassan called upon Muslim leaders to rethink their policies towards Christian communities. "Prince Hassan asked for the meeting to stop this exodus and to ask Christians very clearly to remain," said Father Samir Khalil Samir, SJ.

## For Christians, sacrifice can be life-giving



**A mosaic depicts the death of Christ and the blood and water flowing from His side, as described in John's Gospel.**

SOME say that at heart, Christianity is counter-intuitive. Its message contrasts strikingly with the patterns usually proposed to us for living successfully and harvesting life's riches. After all, Christianity counts losses as gains, insists that selflessness paves the way to self-discovery and locates the seeds of new life in death. Christianity also ranks love far above efficiency when it comes to fostering our surrounding world's good functioning And paradoxically,. Christianity esteems sacrifice for its capacity to open channels along which this love can flow. **In the Christian view, sacrifice literally can be life-giving.**

## Catholics and Anglicans need to commit to unity, pope says



**Pope Benedict XVI and Anglican Archbishop Rowan Williams arrive for vespers in Rome. CNS photo**

Remembering the common roots of the Christianity they share, Roman Catholics and Anglicans should renew their commitments to praying and working for Christian unity, Pope Benedict XVI said. The pope and Archbishop Rowan Williams of Canterbury, spiritual leader of the Anglican Communion, held an evening prayer service on March 10 at Rome's Church of St Gregory on the Caelian Hill. This was the church from which Pope Gregory the Great sent St Augustine of Canterbury and his fellow monks to evangelise England in 597.

"We hope that the sign of our presence here together in front of the holy altar, where Gregory himself celebrated the eucharistic sacrifice, will remain not only as a reminder of our fraternal encounter, but also as a stimulus for all the faithful – both Catholic and Anglican – encouraging them ... to renew their commitment to pray constantly and to work for unity," Pope Benedict said during the evening prayer service.

Camaldoli monks and nuns were joined by cardinals, Anglican and Catholic faithful and representatives of other Christian communities in Rome for the prayer service.

Archbishop Williams told Vatican Radio that he and the pope spoke about the situation of Christians in the Middle East "and about our shared sense of deep anxiety and frustration and uncertainty about what the future holds there".

## Christians in Syria fear persecution, say Catholic officials



Christians in Syria live in fear of a repeat of persecution like what was seen in Iraq, said officials of the Pontifical Mission for Palestine. “The same pattern like in Iraq is re-emerging, as Islamic militants are now kidnapping and killing Christians in Syria,” said Mr Issam Bishara, vice president of the Pontifical Mission and regional director for Lebanon and Syria.

“Christians are concerned about the repercussions of the events taking place in the region. They fear that the experiences of Iraq and Lebanon – which took place against the backdrop of a civil war – could play out again in their own lands. These concerns haunt the Syrian Christians.”

“We lost Christians in Iraq; if we lose Chirstians in Syria, what will happen to the Middle East?” said Mr Ra’ed Bahou, the Pontifical Mission’s regional director for Jordan and Iraq. “Christians are leaving the region, and we have to work to reduce this loss. Time is not with us. Syria is the last castle of Christianity in the Middle East. If they start emigrating from Syria, it is the beginning of the end of Christianity in this area.”

On March 7, Mr Bahou said that there were no official statistics, but an estimated 200 Christians were among the recent wave of Syrian refugees entering Jordan. He said many of those same refugees earlier had fled Iraq for Syria.


## Priests call for slain minister's sainthood



Catholic priests have called for the canonisation of Shahbaz Bhatti, a former federal minister who was gunned down last year for criticising the country’s harsh blasphemy laws. Churches across the country held memorial services on March 9 and hundreds of Christians took part in rallies to mark the first anniversary of the death of the minorities affairs minister.

Members of Bhatti’s party –the all Pakistan Minority Alliance – placed candles and flowers in the street in Islamabad where he was assassinated. “There is no doubt in my mind – the Church should considerdeclaring Shahbaz Bhatti a saint; his life should be documented,” said Fr Bonnie Mendes, Caritas Asia’s former regional coordinator. “He was a true Catholic and was killed for his faith. The Church needs to come together and promote the cause to canonize him,” he added.

## Simplicity and Lent




Embracing simplicity can be seen as a response to Lent, the appointed time for conversion and repentance. It is also a positive move towards a more sustainable way of living for our planet in crisis.


Conversion means to seek God above all things, according to St Benedict. This involves a “turning away from” certain habits of our life “in order to return wholeheartedly to Him who is the only reason for our lives”, writes Benedictine monk, Br Victor-Antoine D’Avila-Latourrette, in The Gift of Simplicity

## India's infant mortality rate abysmal: health minister



India's infant mortality rate (IMR) of 47 per thousand live births is worse than its neighbours, Health and Family Welfare Minister Ghulam Nabi Azad said today. "Unfortunately, IMR and Maternal Mortality Rate (MMR) in India is very bad," he told the Rajya Sabha, the upper house of parliament. Azad said with 1.2 million infant deaths per year, India's IMR is worse than Nepal, Sri Lanka and Bangladesh. Pakistan is the only country, India can be compared with, he said. On the question of 12 infant deaths in district hospital in Murshidabad in West Bengal last year and 15 infant deaths in Malda Medical College during January 17-18, this year, he said the children were brought to the hospitals in very serious condition. Investigations revealed that most of these children were referred to these institutions in a serious condition and were mainly new born babies, the minister said. He added that working and functioning of hospitals is the duty of each state government. "We do only specific intervention." IMR in West Bengal is 32 per thousand live births.

## Mahatma Gandhi baptized by US Church



**The revelation was made by researcher Helen Radkey in an e-mail to Nevada-based Hindu activist Rajan Zed.**

A US Church has baptized India's father of the nation Mahatma Gandhi in proxy, triggering sharp reactions from his grandson and others. The revelation was made by researcher Helen Radkey in an e-mail to Nevada-based Hindu activist Rajan Zed. According the Radkey, Gandhi was baptised by the Church of Jesus Christ of Latter-day Saints in Salt Lake City in Utah on March 27, 1996, the confirmation of which was completed on November 17, 2007 at Sao Paulo Brazil Temple.

The Church of Jesus Christ of Latter-day Saints (LDS) is more popularly known as Mormon Church, one of the fastest growing Churches in the US. Radkey, who is from Salt Lake City and now been excommunicated by the Mormons, said she viewed the record on baptism of Gandhi on February 16 but it had since disappeared and was no longer available in the Church's database. It was unusual for a record to vanish, said Radkey, who of late has been in news because of bringing out in the public similar unknown facts and secrets of the Mormon Church. "I have not come across other Indian leaders baptised by Mormons. My copies of the Gandhi record are dated February 16, 2012. The record disappeared shortly after that date. I assume Mormons did not want others to know about Gandhi's baptism," she said. Arun Gandhi, grandson of Gandhi who lives in Up State New York, told The Huffington Post that he was "surprised" to hear about the posthumous baptism. "It bothers me in the sense that people are doing something when a person is dead and gone and there is nobody to answer for that person. That's not the right thing to do," he was quoted as saying. Arun, who teaches nonviolence in the US, noted that his grandfather was against proselytizing of any kind, whether it involved Hindus or others. Suhag Shukla of Washington-based Hindu America Foundation said, "The proxy baptism of Gandhi is deeply offensive, not only to Gandhi's legacy as a devout Hindu, but to Hindus world over."

## Hindu pitches for Christian president

**She plans to mobilize support for the issue by visiting various states and meeting heads of political parties.**



A former officer of the Indian Administrative Service has urged the government to give chance to a Christian candidate for presidentship during the forthcoming presidential elections. “A Christian president would give representation to the people of the community who are feeling let down by the government,” said P. Sivakami at a press conference in Delhi. Sivakami, who heads the Tamil Nadu- based Samuga Samatuva Padai party, said that she has made the demand as her party’s goal is to serve the minorities and the neglected communities. She plans to mobilise support for the issue by visiting various states and meeting heads of political parties. She also plans to raise awareness about the issue among people through posters and handbills.Sivakami said that the candidate should have a good record, be concerned about public welfare, should not have excessive leaning toward political parties and be able to carry himself/herself in international circles. “Right now I do not have anyone in mind but with time a suitable candidate will emerge,” she said. The former IAS official said that the appointment of a Christian president would empower the community. “We had presidents from every minority community and its time that we have one from the Christian community,” Sivakami said. The elections for the new president are due in July.

## Student Slaps principal

**The principal said she wants to counsel the teenager to make him useful to society.**




In yet another incident of student rage, a ninth grader slapped his principal in Mumbai, The Times of India reported today.

The principal St Elias High School in Khar West, a Mumbai suburb lodged a police complaint soon after the incident on Monday, but later decided not pursue the case as she is keen on reforming the boy. “He is under the influence of alcohol and drugs. We will have to counsel him,” she told the newspaper that has decided to withhold the identities of the two.

The principal also said the 15-year-old boy reacted violently when she scolded him for disturbing other students during a school examination. She asked him to leave the class. “He hit me but I brought him back to school. But he did not appear for the exam on Wednesday," she added. This incident happened a month after another ninth grader stabbed to death his teacher in Chennai, southern India, for sending adverse reports to his parents.

The principal in Mumbai said she made the police complaint for “my safety, but I have told them not to take action against the child.” She said the boy has been “a problem child” but the school did not expel him lest he becomes a social nuisance. “The school wanted to provide him a chance to reform. He should be useful to society,” she added.

## Tripura to teach human rights in schools




**The subject will be incorporated as part of social education subjects for students of grades VI to VIII.**

Tripura government has become the first state in India try to introduce human rights as one of the subjects in school curricula, official sources said today. In a bid to spread awareness on legal and constitutional rights, the subject will be incorporated as part of social education subjects for students of grades VI to VIII.

# One woman's inspiring journey to Catholicism



**Baptism leads mother to find new life of service.**

For Kanako Ota, a resident of Sakai City in Osaka, this year's Easter Vigil on April 7 will be a uniquely momentous occasion. For that is the Kanako Ota in front of a favorite statue of the Blessed Mother date when she will receive the at Sakai Church in Osaka sacrament of Baptism. "My parents are professed Buddhists, but I had a feeling I would end up being baptized. I even told my husband before we were married," she says. Baptism, of course, marks a person's spiritual birth. For Kanako, it will also mark the culmination of a long and often painful journey.

She attended Catholic schools from kindergarten through high school. As she puts it herself, her family life was "complicated." Just six months after she was born, her mother tried to kill herself. The attempt failed but she injured herself so badly, she was left with an artificial arm and leg. Following that, she became mentally unstable and repeatedly attacked her own hand with a carving knife.

Kanako went to Catholic schools throughout her childhood. "In the middle of all the troubles with my mother," she says, "I sometimes went to the chapel at school, as if to seek counsel. "I turned to the statue of the Blessed Mother and the crucifix and pleaded, 'help me!' Sometimes I just let out a scream insidemy heart."

Looking back on it now she sometimes feels that, in a strange way, her move towards Catholicism was influenced by her family's Buddhist devotions. "Maybe I learned something, seeing my mother go before the family altar every day," she says. "Maybe even with the differences of religion notwithstanding, you sort of pick up the way you are supposed to relate to God."

When she was 26, her mother died. Some of her last words were, "my life was all for nothing." Kanako, who had a one-year-old child of her own by then, says she felt "relief" more than sadness after the event. "Because I had a mother, a family like that, I really contemplated human pain and sadness, and the way to live a happy life; I learned to feel," she says. "I realized, 'I was born to learn this lesson.' And I decided I wanted to become the sort of person who could walk alongside the weak – people like my mother – on their journey."

The years went by and she and her husband produced four children. But when the children grew older and her household duties began to grow lighter, she began to think about what to do with the next phase of her life. She found herself suspecting strongly that she "might find my allotted role at a church." She began to go to Mass at Sakai Church, which was where the religious sisters she had met during her days in Catholic school went. Then she decided to take courses to learn more about the faith. What fascinated her most during her courses were those moments when, during discussion with fellow participants, it became clear that the world of the Bible and her own life overlapped. People and situations from her past kept coming to mind. She reflected most often on her mother, thinking, "That person in the Bible—that's my mom."

Now, Kanako is helping out at a public kindergarten for children with special needs. There are times when communicating with them is difficult, but a relationship of trust does grow as she searches for a way to work with each individual child. "I feel so happy when I realize that I have developed deeper bonds with them through a meeting of hearts," she says.

A statue of the Blessed Mother that she received while in school still stands in her home. When her children were studying for exams at school, she gave them rosaries as an o-mamori, or a sort of mystical protection. They, in turn, are united in their support of her religious pursuit.

"How do they feel about my baptism? They're probably thinking to themselves, 'So, she's finally getting around to it?' " she says. "I've certainly never encountered any resistance from them. On the contrary, they often ask me with concern if I've left my Bible somewhere safe."

# മാധ്യമങ്ങൾ സാധ്യമാക്കുന്ന സ്നേഹസംസ്കാര നിർമിതി

**(കഴിഞ്ഞ ലക്കം തുടർച്ച...)**

ലോകമെങ്ങും ആഗോള മാധ്യമങ്ങളുടെ സ്വാധീനത്തിൽ ഏക സ്വഭാവമുള്ള ഒരു ജനസമൂഹ സംസ്കാരം സംജാതമായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ, ആ പൊതുസ്വഭാവത്തിന്റെ കാതൽ ദൈവ രാജ്യത്തിന്റെ സമാധാനവും സ്നേഹവും സത്യവും നീതിയുമൊക്കെയായിരിക്കുമോ എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം. ദൃശ്യമാധ്യമങ്ങളിൽ മിന്നിമറയുന്നതല്ല യഥാർത്ഥ ജീവിതം. അതു അഭ്രപാളിയിലോ എൽസിഡി പ്രൊജക്ടറിലോ മിന്നിമറയുന്ന ഭാവനാബദ്ധമായ ചിത്രങ്ങളേക്കാൾ പച്ചയായ പരമാർത്ഥങ്ങളാണ്. ജീവിതത്തെ നേർക്കുനേർ നേരിടുമ്പോൾ അവിടെ ആത്മീയതയ്ക്കും ധാർമികതയ്ക്കും ഏറെ സ്ഥാനവും പ്രാധാന്യവുമുണ്ട്. എതു സാഹചര്യത്തെയും പ്രതിസന്ധിയെയും കരുത്തോടെ അഭിമുഖീകരിക്കാനുള്ള ശക്തിയാണ് ഇന്ന് എല്ലവർക്കും ആവശ്യം.

സനാതന സത്യങ്ങളുടെ പ്രതീകങ്ങളെയും അനുഷ്ഠാനങ്ങളെയും ഐതീഹ്യങ്ങളെയും തകിടം മറിക്കുന്ന പുതിയ സംസ്കാരത്തിന്റെ ചിത്രങ്ങളെയും കാഴ്ചകളെയും സമൂഹജീവിതത്തിലെ മതപരവും സാമൂഹികവുമായ സജീവത്വം കൊണ്ടും പ്രായോഗികതകൊണ്ടും മറികടക്കാൻ ജനങ്ങളെ ശക്തിപ്പെടുത്തണം. ചാൾസ് ജോൺ. പറയുന്നുത് ആധുനിക മാധ്യമങ്ങളിൽ മൂന്നു കാര്യങ്ങളുണ്ടെന്നാണ്: അടിസ്ഥാന കാര്യങ്ങൾ (Data), വിവരം (informaion), അറിവ് (knowledge). മാധ്യമങ്ങൾ ശേഖരിച്ച് നമ്മുടെ മുമ്പിൽ വയ്ക്കുന്ന അടിസ്ഥാന കാര്യങ്ങൾ വിഴുങ്ങുന്നത് അപകടകരമാണ്. മനുഷ്യന്റെ വിവേകശക്തി വിവരങ്ങൾ അറിയാനും അവ വ്യാഖ്യാനിച്ച് അറിവു നേടാനുമുള്ള കഴിവാണ്. അത്തരം അറിവാണ് മനുഷ്യവ്യക്തിയുടെ ഗുണനിലവാരം ഉയർത്തുക..

വിവര സാങ്കേതിക യുഗത്തിലെ തലമുറയിൽപ്പെട്ടവർ വാർത്തകൾ വിനോദങ്ങളാക്കുന്നതോടൊപ്പം സത്യത്തെ  വളച്ചൊടിച്ച് അർദ്ധസത്യങ്ങളും അസത്യങ്ങളുമാക്കിത്തീർക്കുന്ന ശൈലിയാണ് പിന്തുടരുന്നത്. എന്നാൽ ഏവരുടെയും നന്മ ആഗ്രഹിക്കുന്നവർ സത്യസന്ധമായ ജീവിതത്തിനാണ്. ഊന്നൽ കൊടുക്കേണ്ടത്. ഇന്ന് ആരും 'ഡ്യൂപ്ലിക്കേറ്റ്' അവശ്യപ്പെടാറില്ല. എല്ലാവരും 'ഒറിജിനൽ' ആവശ്യപ്പെടുന്നു. ജീവിതം മാധ്യമലോകത്ത് വെറും അഭിനയമാകുമ്പോൾ സുമനസ്സുകളായവർ വാക്കുകൾ ജീവിക്കുന്നവരാകണം. ഈ സാധ്യത എല്ലാവർക്കുമുണ്ട്. ജീവിതത്തോട് ആത്മാർത്ഥത പുലർത്താൻ യാതൊരു ടെക്നോളജിയുടെ ആവശ്യവുമില്ല. ഇന്നു നേതൃത്വനിരയിലുള്ളവരെല്ലാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ആധികാരികതയുടേതാണ്. ദൈവവിശ്വാസത്തിൽ ആഴപ്പെട്ടവർ ഇന്നത്തെ സാഹചര്യത്തിനൊത്ത വിധം ഭാവാത്മകമായി പ്രതികരിക്കാനുള്ള ശക്തി ആർജ്ജിച്ചെടുക്കണം. വിശ്വാസത്തിന്റെ ചേരിതിരിവുള്ള (polarisation of belief) നമ്മുടെ കാലഘട്ടത്തിൽ ദൈവമാണ് എല്ലാത്തിന്റെയും കേന്ദ്രം എന്ന സത്യം നാം ലോകത്തെ അറിയിക്കണം. മനംമാറ്റം (conversion) എന്നത് മതത്തിൽ വളരെ ആഴമേറിയ അനുഭവമാണ്. മാധ്യമങ്ങളിൽ പലപ്പോഴും അനുഭവങ്ങൾ ആഴമില്ലാത്തതാണ്. സമാധാനവും നന്മയും ആഗ്രഹിക്കുന്നവർ ഇച്ഛാശക്തിയോടെ മാനവൈക്യത്തിനുള്ള പ്രവർത്തനങ്ങളിലൂടെ മാധ്യമങ്ങളുടെ രൂപാന്തരീകരണം (transformation of media) സാധ്യമാക്കും.  മാധ്യമ രംഗം തീയറിയുടെ കീറാമുട്ടികളല്ല. അതു പ്രായോഗികമാക്കേണ്ട സത്യമാണ്. സത്യവും ധാർമ്മികതയും വേരോടുന്ന ഒരു  മനുഷ്യസംസ്കാരത്തിന്റ നിർമിതിയിലാണ് നാമെല്ലാം ഉൾപ്പെട്ടിരിക്കുന്നത്.  അജ്ഞതയുടെ അന്ധകാരം അകറ്റി ദൈവികതയുടെ ഭാവങ്ങളുള്ള ഒരു സമൂഹ നിർമിതിയുടെ സാക്ഷാത്കാരമായിരിക്കണം നാം ലക്ഷ്യം വയ്ക്കേണ്ടത്. ശത്രുവിനെപോലും സ്നേഹിക്കുന്ന യേശു ക്രിസ്തുവിന്റെ ഭാവങ്ങൾ മാധ്യമങ്ങൾക്കും മാധ്യമങ്ങളിലെ ഉള്ളടക്കത്തിനും എന്നും വെല്ലുവിളി ഉയർത്തുന്നു.  ഇന്നു സംലഭ്യമായിരിക്കുന്ന എല്ലാ ആധുനിക മാധ്യമോപാധികളും ഉപയോഗിച്ച് ആധുനിക ജീവിതത്തെ ക്രിയാത്മകമാക്കാനും എല്ലായിടത്തും നന്മയുടെ സദ്വാർത്ത വിതറാനും നമുക്കാകും. അതിനു വിവേകത്തോടും സ്നേഹത്തോടും കൂടി മാധ്യമങ്ങളെ ഉപകാരപ്പെടുത്തുകയാണ് നമ്മുടെ ദൈവികമായ ഉത്തരവാദിത്വം.

**കുര്യാക്കോസ് മുണ്ടാടൻ**

(അവസാനിച്ചു)

## മതവിരുദ്ധതയെ മതേതരത്വമെന്നു വിളിക്കുന്നവർ ഓർക്കാൻ

മതത്തേയും മത വിശ്വാസത്തെയും പിറവം ഉപതെരഞ്ഞെടുപ്പിലെ തങ്ങളുടെ പരാജയത്തിനു കാരണമായി ചിത്രീകരിക്കുന്നവർ അവരുടെ മതവിരുദ്ധത വെളിപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. പ്രത്യയശാസ്ത്ര പാർട്ടിയുടെ നിലപാടുകൾ കേവലം മതേതരമോ മതനിരപേക്ഷമോ അല്ലെന്നും മത വിരുദ്ധമാണെന്നും വ്യക്തമാക്കുന്നതാണ് ഈ പ്രതികരണം. മതവിരുദ്ധതയെ മതേതരത്വമായി ചിത്രീകരിക്കുകയും മതവിരുദ്ധതയെ എതിർക്കുന്നവർ മതേതരത്വത്തെ എതിർക്കുന്നുവെന്ന പ്രതീതി സൃഷ്ടിക്കുകയും ചെയ്യുന്നതിൽ ഒരു പരിധിവരെ ഇവിടുത്തെ പ്രത്യയശാസ്ത്രക്കാർ വിജയിച്ചിട്ടുണ്ടെന്നാണു തോന്നുന്നത്. ഈ തന്ത്രത്തെ മറ നീക്കി കാണിക്കാൻ ആരുംതന്നെ അധികം പരിശ്രമിച്ചിട്ടുമില്ല. അങ്ങനെ  സത്യം തുറന്നുകാട്ടാൻ ശ്രമിക്കുന്നവരെയൊക്കെ പിന്തിരിപ്പന്മാരായും പുരോഗമന വിരുദ്ധന്മാരായും വർഗ്ഗീയവാദികളായും ചിത്രീകരിക്കുന്ന രീതി ഇവിടുത്തെ കേഡർ പാർട്ടികൾ സ്വീകരിച്ചിട്ടുമുണ്ട്. അവർ കൊടുക്കുന്ന ‘‘പുരോഗമനകാരി’’ ‘‘ബുദ്ധിജീവി’’ പട്ടങ്ങൾ അവരുടെ അബദ്ധങ്ങളെ ന്യായീകരിക്കാൻ പല എഴുത്തുകാർക്കും പ്രചോതനമാകുന്നുണ്ട് എന്നും കാണാം.

കേരളത്തിലെ പൊതുസമൂഹം മറികടക്കാനാഗ്രഹിക്കുന്ന സാമൂഹ്യതിന്മയായ ജാതിയോട് ചേർത്ത് മതേതരത്വത്തെ നിരന്തരം പലരും ചിത്രീകരിക്കുന്നതുതന്നെ കേരളസമൂഹത്തിൽ മതവിരുദ്ധത വളർത്താനാണ് ഇങ്ങനെയുള്ള തന്ത്രങ്ങളിൽ കേരളസമൂഹം വീഴുമെന്നതു കേവലം വ്യാമോഹം മാത്രമാണ്. എങ്കിലും, ആസൂത്രിതമായും വ്യാപകവുമായും ഇപ്രകാരമുള്ള തന്ത്രങ്ങൾ കടന്നുവരുന്നത് സൂക്ഷ്മതയോടെ വിലയിരുത്താനും സമൂഹ മദ്ധ്യത്തിൽ അവതരിപ്പിക്കാനും എല്ലാവർക്കും, പ്രത്യേകിച്ച് സാമൂഹ്യ മത നേതാക്കൾക്ക്, ഉത്തരവാദിത്വമുണ്ട് എന്ന കാര്യം വിസ്മരിക്കപ്പെടരുത്. ലഭ്യമായ എല്ലാ സാഹചര്യങ്ങളും ഉപയോഗിച്ചുകൊണ്ടുതന്നെ ഈ അടവുനയങ്ങൾ തുറന്നു കാട്ടാൻ എല്ലാവർക്കും കഴിയണം.

കേരളത്തിലെ സാമുഹ്യ, സാംസ്കാരിക, സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെ വളർച്ചയിൽ ഏറ്റവും നിർണ്ണായക പങ്കുവഹിച്ചതും ഇന്നും നിർണ്ണായകമായ പങ്കുവഹിക്കുന്നതും ഇവിടുത്തെ മത സമൂഹങ്ങളാണ്. അതിനു നേതൃത്വം നല്കിയ മത നേതാക്കളെയെല്ലാം ‘‘മാർക്സാണു ശരി’’ എന്നു സ്ഥാപിക്കാൻ പ്രദർശിപ്പിക്കുകയും എന്നാൽ അവർ ഉയർത്തിപ്പിടിച്ച മൂല്യങ്ങളെയും ദർശനങ്ങളെയും അധിക്ഷേപിക്കുകയും ചെയ്യുന്നത് അടവുനയങ്ങളുടെ ഭാഗമാണ്. പൊതുസമൂഹം അതു തിരിച്ചറിയുന്നുണ്ടെന്ന കാര്യം ബന്ധപ്പെട്ടവർ മറക്കരുത്.

ഡോ.ഫിലിപ്പ് നെല്പുരപറമ്പിൽ

"Jagratha News" - An internet news service is free and for private circulation
Web: www.kcbcsocialharmony.org Blog: jagrathakcbc.blogspot.com
Designed and Edited by , Secretary,
KCBC Commission for Social Harmony and Vigilance,
P.O.C, P.B. No.2251, Palarivattom, Kochi-25, INDIA